കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തോളൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ
(പി14)-1122/21, തീയതി.06.01.2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 15/02/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തോളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി14)-1122/21, തീയതി.06.01.2022 തീയ്യതി: 15/02/2022

തൃശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ബിന്ദു എസ് നായർ	ഡെപ്യൂട്ടി ഡയറക്ടർ	14-07-2021	28-07-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
14-07-2021	28-07-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ബേബി പി.വി.,ഓഡിറ്റ് ഓഫീസർ

ശ്രീ.ജോമോൻ ഇ.കെ.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.സുനിൽ കുമാർ കെ.സി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ജോയ്സൻ സി.ജെ.,ഓഡിറ്റർ

ശ്രീമതി.രേഖ ഇ.സി.,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
സുഷമ പി	സെക്രട്ടറി	01-04-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
കിഷോർകുമാർ.എം.കെ.	മെഡിക്കൽ ഓഫീസർ സി.എച്ച്.സി	01-04-2020	31-03-2021
ഹേന ജോയ്	മെഡിക്കൽ ഓഫീസർ ,ഹോമിയോ	01-04-2020	31-03-2021
ഷൈനി.കെ.എം	മെഡിക്കൽ ഓഫീസർ,ആയുർവ്വേദം	01-04-2020	31-03-2021
ജോമോൾ	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	01-04-2020	31-03-2021
പൂർണിമ കെ ദാസ്	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2020	31-03-2021
സുഷമ.സി.വി	ഡയറി ഫാം ഇൻസ്ട്രക്റ്റർ	01-04-2020	30-11-2020
മഞ്ജുഷ ടി .വി.	ഡയറി ഫാം ഇൻസ്ട്രക്റ്റർ	01-12-2020	31-03-2021
രേഖ എം.ആർ	വി.ഇ.ഒ(തോളൂർ)	01-04-2020	20-02-2021
ലിജി ഇ.പി	വി.ഇ.ഒ(തോളൂർ)(അഡി ചാർജ്ജ്)	21-02-2021	31-03-2021
ലിജി ഇ.പി	വി.ഇ.ഒ(എടക്കളത്തൂർ)	01-04-2020	31-03-2021
രമ എംഎസ്	എച്ച് എം((ജി.എൽ.പി.എസ്,മുള്ളൂർ)	01-04-2020	31-03-2021
അജീഷ ആർ	അസി.എഞ്ചിനീയർ	01-04-2020	04-01-2021
ഷബാന	അസി.എഞ്ചിനീയർ	05-01-2021	17-02-2021
ശ്രീന	അസി.എഞ്ചിനീയർ	18-02-2021	31-03-2021
ഒഴിവ്	അസി.സെക്രട്ടറി	01-06-2020	16-06-2020

സന്തോഷ് കെ.ആർ	അസി.സെക്രട്ടറി	17-06-2020	31-03-2021
വിനേഷ് കുമാർ	കൃഷി ഓഫീസർ	01-04-2020	31-03-2021
പി.എ.ഫ്രാൻസിസ്	വെറ്ററിനറി	01-04-2020	31-03-2021

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഫണ്ട് വിനിയോഗം	1-4
5	പദ്ധതി അവലോകനം	1-5
6	തൊഴിലുറപ്പ് പദ്ധതി	1-6
7	ക്ഷേമപദ്ധതികൾ	1-7
8	ക്യാഷ് ബാലൻസ് പരിശോധന	1-8
9	ആഭ്യന്തര നിയന്ത്രണം	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
11	വാർഷിക ധനകാര്യപത്രിക	1-11
12	ബജറ്റ് എസ്റ്റിമേറ്റ് യഥാർത്ഥ വരവ് ചെലവ് കണക്കുകളുമായി അന്തരം	1-12
13	കെ.പി.ബി.ആർ ചട്ടലംഘനമുള്ള മൊബൈൽ ടവർ അനധികൃതമായി പ്രവർത്തിച്ചുവരുന്നു	1-13
14	താഴെ പറയുന്ന സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി, തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.	1-14
15	പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് വാടക	1-15
16	FACTEOS ലൈസൻസ്	1-16
17	ലോഗ് ബുക്ക് പരിപാലനം-അപാകതകൾ	1-17
18	ധനകാര്യ കമ്മീഷൻ അവാർഡ് - വകയിരുത്തിയത് മാർഗ്ഗരേഖ പ്രകാരമല്ല.	1-18
19	അടിയന്തിര ആവശ്യമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല.	1-19
20	തൊഴിലുറപ്പ് പദ്ധതി അവലോകനം	1-20
21	പൊതുടാപ്പ് സംയുക്ത പരിശോധന നടത്തിയിട്ടില്ല.	1-21
22	വനിതാ വ്യവസായ കേന്ദ്രം പ്രവർത്തനക്ഷമമാക്കണം	1-22
23	മഴക്കാലപൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല.	1-23
24	പൊതുമരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ.	1-24
25	മരുന്നുകൾ ലഭ്യമായിട്ടില്ല	1-25
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3
4	വായ്പ/ വായ്പ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
8	ഓഡിറ്റ് പ്രത്യവലോകനം	4-8
9	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-10
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

	ബജറ്റ് പ്രകാരമുള്ള സംഖ്യ	റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള സംഖ്യ
വരവ്	116584307	114214483
ചെലവ്	113079962	113079962

ഗ്രാമപഞ്ചായത്തിന്റെ ബജറ്റ്, 20.03.20-ാം തിയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയുണ്ടായി. പുതുക്കിയ ബജറ്റ് 13.03.21-ാം തീയതിയിലെ 1/1 ാം തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1-2 വാർഷിക ധനകാര്യ പത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31-07-2021	12.05.2021

വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി തന്നെ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം

-	തുക (രൂപ)
മുന്നിരിപ്പ്	6147842
ഓഡിറ്റ് വർഷത്തെ വരവ്	59098105
ആകെ	65245947
ഓഡിറ്റ് വർഷത്തെ ചെലവ്	54808458
നീക്കിയിരിപ്പ്	10437489

1-4 ഫണ്ട് വിനിയോഗം

ക്രമ നമ്പർ	ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക	കുറിപ്പ്
1	വികസനഫണ്ട് (ജനറൽ)	ഇല്ല	9565603	9565603	9160657	404946	
2	വികസനഫണ്ട് (എസ്.സി.പി)	ഇല്ല	7360531	7360531	7076345	284186	
3	വികസനഫണ്ട് (ടി.എസ്.പി)	ഇല്ല	-	-	-		
4	കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ്	ഇല്ല	6369968	6369968	3889895	2480073	
	കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ്(Tied)		3820000	3820000	1501919	2318081	
5.	മെയിന്റനൻസ് ഗ്രാന്റ് റോഡ്	ഇല്ല	10225000	10225000	10128049	96951	
6.	മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്	ഇല്ല	3456681	3456681	3456681		
	സംസ്ഥാനാവിഷ്കൃത പദ്ധതികൾ (ഇനംതിരിച്ച്)						
7.	കുടുംബശ്രീ						
8.	ആയുർവേദം						
9.	വിമുക്തി	866	866		866		
10.	MLA ഫണ്ട്						
11.	കേരളോത്സവം	1534		1534	1534		
12.	ശുചിത്വമിഷൻ ഗ്രാന്റ്	221720	1621257	1842977	376035	1466942	
13.	ഐ.സി.ഡി.എസ്	319375	454789	774164	554449	219715	
14.	TSC	129944		129944		129944	
15	പ്രീ മൺസൂൺ		260000	260000	260000		
16	കില ട്രെയ്നിംഗ്		8740	8740	8740		
17	ജിപിറ്റി ഇലീഡ് ഫണ്ട്		20000	20000	20000		

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ശുചിത്വമിഷൻ ടോട്ടൽ സാനിറ്റേഷൻ ക്യാംപയിൻ എന്നിവയുടെ മുന്നിരിപ്പ് മുൻവർഷത്തെ നീക്കിയിരിപ്പിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-5 പദ്ധതി അവലോകനം

അംഗീകാരംലഭിച്ചവ (എണ്ണം)	അടങ്കൽ (തുക)	നടപ്പിലാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പിലാക്കിയത്	നടപ്പിലാക്കാത്തത്	പൂർത്തീകരിച്ചതിന്റെ ശതമാനം
170	69842006	153	42848227	10	7	61.35

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മേൽകണക്ക് ആധികാരികതയ്ക്ക് നിരക്കുന്നതല്ല കാരണം 67 മരാമത്ത് പ്രവൃത്തികളിൽ 42 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത് ആധികാരികമല്ലാത്ത വിവരങ്ങൾ നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	364	1659828	1660192	1617019	43173

ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	22326490	22326490	22326490	0

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	ഇല്ല	ഇല്ല
കർഷകതൊഴിലാളി പെൻഷൻ	8222000	534
വിധവാപെൻഷൻ	14900600	1393
വാർദ്ധക്യകാലപെൻഷൻ	19476800	1196
വികലാംഗപെൻഷൻ	3511500	230
അവിവാഹിതരായ 50 വയസ്സു കഴിഞ്ഞവർക്കുള്ള പെൻഷൻ	1853800	120
വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം	300000	10

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-07-2021 തീയതിയിൽ 3.20 PM ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6125/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

തോളൂർ ഗ്രാമ പഞ്ചായത്തിലെ രജിസ്റ്ററുകൾ, ഫയലുകൾ, വൗച്ചറുകൾ എന്നിവ ഏറെകുറെ കൃത്യമായി പരിപാലിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ലോഗ് ബുക്ക് പരിപാലത്തിലനത്തിൽ വേണ്ടത്ര ശുഷ്കാന്തി പുലർത്തുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ പലരും TR.7A ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല. (ഉദാ. അസി.എഞ്ചിനിയർ) പഞ്ചായത്തിൽ പ്രസിഡണ്ടിന്റെ പേരിൽ ദുരിതാശ്വാസ നിധി രൂപികരിച്ചിട്ടുണ്ടെങ്കിലും ആയതിൽ ഓഡിറ്റ് കാലയളവിൽ വേണ്ടത്ര ക്രയവിക്രയങ്ങൾ നടത്തിയിട്ടില്ല. തൻവർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ പലതും നടപ്പിലാക്കിയതായി കാണുന്നില്ല. ആഭ്യന്തരണ നിയന്ത്രണ സംവിധാനം കൂടുതൽ ശക്തമാക്കുവാൻ ബന്ധപ്പെട്ട ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	07.10.20	2019-20	02.01.21
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	28.12.20	2015-20	13.01.21

1-11 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയിൽ റസീപ്റ്റ് ആന്റ് പെയ്മെന്റ് പ്രകാരം 6147842രൂപ പ്രാരംഭബാക്കിയും 59098105 രൂപ തൻവർഷ വരവും 54808458 രൂപ തൻവർഷ ചെലവും 10437489 രൂപ നീക്കി ബാക്കിയുമായി ചേർത്തിരിക്കുന്നു.

1.അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 എഫ്)

2. 26.1.2011 ലെ ജി.ഒ(എം എസ്) 15/11 ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആസ്തികൾ അക്കൗണ്ടിങ്ങ് നടത്തിയിട്ടില്ല. കാലികമാക്കിയിട്ടില്ല.

3. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

4. വസ്തുനികുതിയുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള ഡി സി ബി തുക സഞ്ചയ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

5. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡീച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

6 ഭൂമി, വാഹനം എന്നീ ആസ്തികളുടെ മൂല്യം കൃത്യമായി കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

7. പെർമിറ്റ് രജിസ്റ്റർ, ക്രമവത്ക്കരണ രജിസ്റ്റർ എന്നിവയിൽ ഡി സി ബി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

8. Suppliers EMD Adjust ചെയ്ത തുക ചെലവഴിച്ച തുകയുമായി പൊരുത്തപ്പെടുന്നില്ല. RP 34 പ്രകാരം Suppliers EMD AFSൽ 6500 ആണ് കാണിച്ചിരിക്കുന്നത്. എന്നാൽ രജിസ്റ്ററിൽ 10600 ആണ് കാണിച്ചിരിക്കുന്നത്.

9. Advance To Implementing Officers RP 47 പ്രകാരം 453057 ആണ്. എന്നാൽ രജിസ്റ്റർ പ്രകാരം 489211 ആണ് കാണിച്ചിരിക്കുന്നത്.
അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-12 ബജറ്റ് എസ്റ്റിമേറ്റ് യഥാർത്ഥ വരവ് ചെലവ് കണക്കുകളുമായി അന്തരം

ഇനം	ബഡ്ജറ്റ് എസ്റ്റിമേറ്റ് സംഖ്യ	റിവൈസ്ഡ് എസ്റ്റിമേറ്റ് സംഖ്യ	യഥാർത്ഥ സംഖ്യ
വരവ്	116584307	114214483	59098105
ചെലവ്	113079962	113079962	54808458

1. യഥാർത്ഥ വരവ് ചെലവ് കണക്കുകളും ബഡ്ജറ്റ് എസ്റ്റിമേറ്റും തമ്മിൽ വ്യത്യാസമുണ്ട്.

2. സർക്കാർ ഉത്തരവ് (ആർ ടി) 3291/16 തി.2.12.16 പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റുകളിന്മേൽ മാസാന്ത്യ വാർഷാന്ത്യ അവലോകനം നടത്തിയിട്ടില്ല.

3. കേരള പഞ്ചായത്ത് രാജ് നിയമം (7) ആവശ്യപ്പെടുന്നതു പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ പകർപ്പ് നല്കിയിട്ടില്ല.

മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-13 കെ.പി.ബി.ആർ ചട്ടലംഘനമുള്ള മൊബൈൽ ടവർ അനധികൃതമായി പ്രവർത്തിച്ചുവരുന്നു

അപേക്ഷ നം.3963/23.11.20 പ്രകാരം ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് എന്ന സ്ഥാപനം മെബൈൽ ടവറിന് കെട്ടിട നമ്പർ ലഭിക്കുന്നതിന് അപേക്ഷ നൽകിയിരുന്നു. കത്ത് നമ്പർ എ4-3963/20 തി 01/01/2021 പ്രകാരം സെക്രട്ടറി മൊബൈൽ ടവർ നിർമ്മാണത്തിൽ കെ.പി.ബി.ആർ ചട്ടലംഘനമുണ്ടെന്ന് കാണിച്ച് ഇൻഡസ് ടവേഴ്സ് ലിമിറ്റഡിന് കത്ത് നൽകിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ നിന്നും കെട്ടിടനിർമ്മാണ ക്രമവത്ക്കരണമായാണ് നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. പെർമിറ്റ് നം-ബി1 5840/16 തി 14/12/2016 പ്രകാരമാണ് ടവർ നിർമ്മാണാനുമതി നൽകിയിട്ടുള്ളത്. ടവർ നാളിതുവരെയായും ക്രമവത്ക്കരിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി 3/20-21/22.7.21 പ്രകാരം, ഈ ടവറിനെ അനധികൃത കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയതിന്റെയും നിലവിൽ ഈ ടവർ പ്രവർത്തിച്ചു വരുന്നതിന്റെയും എന്നീ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. 27.07.2021-ാം തിയ്യതിയിൽ നടത്തിയ സ്ഥല പരിശോധനയിൽ ഈ ടവർ പ്രവർത്തിച്ചു വരുന്നതായി ഓഡിറ്റിന് ബോധ്യപ്പെട്ടു. ആയതിനാൽ ഈ ടവറിനെ അനധികൃത കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച് പിഴപ്പലിശ സഹിതം 2017-18 രണ്ടാം അർദ്ധവാർഷികം മുതൽ ഈടാക്കേണ്ടതാണ്.

1-14 താഴെ പറയുന്ന സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി, തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.ഗ്രാമപഞ്ചായത്തിലെ കരാറുകൾ എറ്റെടുത്ത് നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തിൽ ഒരു കരാറുകാരൻ മാത്രമാണ് തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്. ആയതിനാൽ കരാറുകൾ ലേലം ചെയ്യുമ്പോൾ പങ്കെടുക്കുന്ന എല്ലാ കരാറുകാർക്കും ഡിമാന്റ് നോട്ടീസ് അയച്ച്, തൊഴിൽ നികുതി പിരിച്ചെടുക്കേണ്ടതാണ്.

2.

ക്ര നം	സ്ഥാപനം	അർദ്ധവർഷം
1	ബി.എസ്.എ.എൽ	I, II

ഈ സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് വാടക

1 . പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന വാടകക്കാരിൽ നിന്നും മാസവാടക ഈടാക്കിയിട്ടില്ല . 2020 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ നിന്നും മാസവാടക ഈടാക്കിയിട്ടില്ല. ആയവയ്ക്ക് ലോക്ക്ഡൗൺ ഇളവ് നൽകിയതായി രെജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുണ്ട്. പ്രസ്തുത വിവരത്തിന്റെ പഞ്ചായത്ത് ഭരണസമിതി തീരുമാനം ലഭ്യമാക്കേണ്ടതാണ്.

ക്രമ നമ്പർ	റൂം നമ്പർ	കരാറുകാരന്റെ പേര്	മാസവാടക
1	5/ 247	പുഷപ ശശി	1927
2	5/ 248	സിമി സുഭാഷ്	2156

2. താഴെ പറയുന്ന മുറികളിൽ നിന്നും വാടകയോടൊപ്പം GST Flood Cess എന്നിവ ഈടാക്കിയതായി കാണുന്നില്ല.

ക്രമ നമ്പർ	റൂം നമ്പർ	വാടക കരാറുകാരന്റെ പേര്	മാസവാടക
1	7/ 257	സി എ ജോൺ ചിറ്റിലപ്പിള്ളി കുന്നത്ത് വീട്	2195
2	7 / 258	കെ ഡി ഫ്രാൻസിസ് കാക്കശ്ശേരി വീട്	1580
3	7 / 259	സി ഓ ബേബി ചേനത്തു പറമ്പിൽ വീട്	1250
4	7/ 260	വി ഡി ജോസഫ് വടക്കോട്ടു വീട്	1160

ആയതു ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 FACTEOS ലൈസൻസ്

2020 -21 സാമ്പത്തിക വർഷത്തിലെ FACTEOS ലൈസൻസ് രജിസ്റ്ററും പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് വാടക രജിസ്റ്ററും പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന വാടക മുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ FACTEOS ലൈസൻസ് എടുത്തിട്ടില്ല എന്ന് ബോധ്യമാകുന്നു.

ക്രമ നമ്പർ	റൂം നമ്പർ	വാടക കരാറുകാരന്റെ പേര്
1.	5/ 245	ലിസി ജോ, കോയിക്കര വീട്, തോളൂർ
2.	5 / 247	പുഷ്പ ശശി, പാമ്പുങ്കൽ വീട്, തോളൂർ
3.	5 / 249	വത്സല, രാരം പറമ്പിൽ വീട്, തോളൂർ

ആയവക്ക് ലൈസൻസ് എടുക്കാൻ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 ലോഗ് ബുക്ക് പരിപാലനം-അപാകതകൾ

പഞ്ചായത്തിന്റെ ഉപയോഗത്തിലിരിക്കുന്ന കെ.എൽ 8AW-ബി-6692 ബൊലറൊ ജീപ്പിന്റെ ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ. ഫ്യുവൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. തന്മൂലം അസി.എക്സികുട്ടീവ് എഞ്ചിനീയർ മെക്കാനിക്കൽ സബ് ഡിവിഷൻ ചാലക്കുടിയുടെ 20/02/20ലെ D1/PAN/371/19-20 നമ്പർ ഇന്ധനക്ഷമത സാക്ഷ്യപത്രം പ്രകാരമുള്ള ഇന്ധന ക്ഷമത വാഹനത്തിന് ലഭ്യമാകുന്നുണ്ടോയെന്നും, വാഹനത്തിന് ഇന്ധനം നിറക്കുന്നത് ചട്ടപ്രകാരം ഫുൾടാങ്ക് കപ്പാസിറ്റിയിലാണെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല

2)വാഹനത്തിന്റെ പ്രതിമാസ സംഗ്രഹം ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല. ആയതു ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല

3)ഫ്യൂവൽ രജിസ്റ്റർ/റിപ്പയർ രജിസ്റ്റർ എന്നിവ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാഹനവുമായി ബന്ധപ്പെട്ട എല്ലാ അറ്റകുറ്റ പണികളുടെ വിവരങ്ങളും ടി.രജിസ്റ്ററിൽ ചേർക്കുന്നില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് ലോഗ്ബുക്കും മറ്റ് അനുബന്ധ രജിസ്റ്ററുകളും കൃത്യമായി എഴുതി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

1-18 ധനകാര്യ കമ്മീഷൻ അവാർഡ് - വകയിരുത്തിയത് മാർഗ്ഗരേഖ പ്രകാരമല്ല.

പദ്ധതി നമ്പർ – 17/20-21

അംഗൻവാടി പോഷകാഹാരം -

നിർവ്വഹണോദ്യോഗസ്ഥ – ഐ.സി.ഡി.എസ് സൂപ്പർ വൈസർ

അടങ്കൽ -1,00,000 (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ്-45,212

മേൽ പദ്ധതി പ്രകാരം അംഗൻവാടി കുട്ടികൾക്ക് പോഷകാഹാരം - നൽകുന്നതിനായി ധനകാര്യ കമ്മീഷൻ അവാർഡും വകയിരുത്തിയിട്ടുണ്ട്. 29-1-18 ലെ സ.ഉ(കൈ)നം.11/18 ത.സ്വ.ഭ.വ പദ്ധതി തയ്യാറാക്കൽ മാർഗ്ഗരേഖ 6/6പ്രകാരം അടിസ്ഥാന സേവന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, വിപുലപ്പെടുത്തുന്നതിനും മാത്രമാണ് ടി ഫണ്ട് ഉപയോഗപ്പെടുത്തേണ്ടത്. ആയത് പ്രകാരം അംഗൻ വാടികളുടെ നിർമ്മാണത്തിനും, അറ്റകുറ്റ പണികൾക്കും മാത്രമാണ് ടി ഫണ്ട് ഉപയോഗിക്കാവുന്നത്. പദ്ധതി ആസൂത്രണത്തിൽ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

1-19 അടിയന്തിര ആവശ്യമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല.

പ്രോജക്ട് നം. So14/21. പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി.

ട്രഷറി ബിൽ നം.9/2020 –21. Dtd. 30.10.21 തുക- 471040/-

ട്രഷറി ബിൽ നം.38/2020-21. Dtd.30.3.21 തുക-40000/ -

പെയിൻ ആന്റ് പാലിയേറ്റീവ് കെയർ എന്ന പ്രോജക്ടിൽ മേൽ ട്രഷറി ബില്ലുകൾ പ്രകാരമുള്ള തുക മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.5/23.7.21.പ്രകാരം വിശദാംശങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് മറുപടിയിൽ മരുന്നുകൾ നാളിതുവരെയായി ലഭിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. സ.ഉ.(കൈ) നം.22/2018/ തസ്വഭവ തിയതി-14.2.2018 ഖ. നം.7.5.4.പ്രകാരം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കാരുണ്യ/നീതി/ ജൻഔഷധി മെഡിക്കൽ സ്റ്റോറുകളിൽ നിന്നും അടിയന്തിര സാഹചര്യം മറികടക്കുന്നതിന് വേണ്ട മരുന്നുകൾ മാത്രം വാങ്ങാവുന്നതാണ്.

മേൽ സാഹചര്യത്തിൽ മരുന്നുകൾ ലഭ്യമാകുമ്പോൾ സ്റ്റോക്കിലെടുത്ത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 തൊഴിലുറപ്പ് പദ്ധതി അവലോകനം

2020-21വർഷത്തിൽ തോളൂർ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ആകെ വരവ് -	24387318
ആകെ ചെലവ് -	24344509
നീക്കിയിരുപ്പ് -	43173
തൊഴിൽ ലഭ്യമാക്കിയ കുടുംബങ്ങളുടെ എണ്ണം	868
നൂറ് തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങൾ	331
വിഭാവനം ചെയ്ത പദ്ധതികൾ	90
പൂർത്തിയാക്കിയ പദ്ധതികൾ	52
വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം	3126
സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ	56888

ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ 58ശതമാനം മാത്രം പൂർത്തിയാക്കിയിട്ടുള്ളതും എന്നാൽ മൊത്തം അടങ്കൽ തുകയുടെ 99% ചെലവഴിച്ചതായും കാണുന്നു, തൊഴിൽ ലഭ്യമാക്കിയ 868 കുടുംബങ്ങളിൽ കോവിഡ് മഹാമാരിയുടെ കാലത്ത് തൊഴിൽ നഷ്ടം ഉണ്ടായിട്ടുള്ള സാഹചര്യത്തിലും നൂറ് ദിനം പൂർത്തിയാക്കിയത് കേവലം 331 കുടുംബങ്ങൾ മാത്രമാണെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് .

വരും വർഷങ്ങളിൽ പദ്ധതികൾ വിഭാവനം ചെയ്യുന്ന പ്രവൃത്തികളെല്ലാം പൂർത്തീകരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-21 പൊതുടാപ്പ് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

പദ്ധതി നമ്പർ-5/20-21

"കുടിവെള്ളക്കരം അടവാക്കൽ "

അടങ്കൽ -1,05,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം)

- 51577 (തനത് ഫണ്ട്)

- 3,15,000 (ധനകാര്യ കമ്മീഷൻ അവാർഡ്)

ആകെ -4,71,775

ചെലവ് -4,20,000

നിർവ്വഹണം -സെക്രട്ടറി

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം പഞ്ചായത്തിൽ നിലവിലുള്ള എൺപത് പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 2020-21സാമ്പത്തിക വർഷത്തിൽ 4,20,000 രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്, എന്നാൽ നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന്റെ ടാപ്പുകളുടെ എണ്ണത്തെപ്പറ്റി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന സമീപകാലത്ത് നടത്തിയിട്ടില്ലായെന്നാണ് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/തിയ്യതി 22/7/21) മറുപടി ലഭിച്ചിട്ടുള്ളത്. സംയുക്ത പരിശോധനയുടെ അഭാവത്തിൽ ലഭ്യമാകുന്ന സേവനത്തിന് തന്നെയാണ് തനത് ഫണ്ടിൽ നിന്നു കൂടി പ്രത്യേകിച്ചും തനത് ഫണ്ട് വരുമാനം കുറവുള്ള സാഹചര്യത്തിൽ ഇത്രയും വലിയ തുക ചെലവ് ചെയ്യുന്നത് എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. ഇക്കാര്യത്തിൽ ജി.ഒ(സാധാ)1275/09 30-5-2009, (ത.സ്വ.ഭ.വ)പ്രകാരമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

1-22 വനിതാ വ്യവസായ കേന്ദ്രം പ്രവർത്തനക്ഷമമാക്കണം

പദ്ധതി നം.166/20-21

വനിതാ വ്യവസായ കേന്ദ്രം

അടങ്കൽ -2784125

ചെലവ് -1670000

നിർവ്വഹണം- സെക്രട്ടറി

വനിതാ സംരംഭകർക്ക് തൊഴിലിടം ഒരുക്കുകയെന്ന ലക്ഷ്യത്തോടെ 41,75,000 രൂപ എസ്റ്റിമേറ്റ് കണക്കാക്കി 2018-19 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്ത ബഹുവർഷ പ്രോജക്ട് ആണ് വനിതാ വ്യവസായ കേന്ദ്രനിർമ്മാണം. ടി പ്രവർത്തി ഏറ്റെടുത്ത് നടത്തുന്നതിന് കരാറായിട്ടുള്ള കോസ്റ്റ് ഫോർഡിന്റെ 18-2-21 തിയ്യതിയിലെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രകാരം നാളിതുവരെയായി 30,49,705 രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും പണി പൂർത്തീകരിച്ച് സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 5 തിയ്യതി 22-7-21ന് ലഭ്യമാക്കിയ മറുപടി പ്രകാരം നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല. എന്ന് അറിയിച്ചിട്ടുണ്ട് കോസ്റ്റ്ഫാർഡുമായി ചമച്ചിരിക്കുന്ന കരാർ പ്രകാരം പൂർത്തിയാക്കേണ്ടതിന്റെ ആനുപാതികമായതിലും കൂടുതൽ തുക കൈമാറിയിട്ടും പണികൾ പകുതി പോലും പൂർത്തീകരിച്ചിട്ടില്ല.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം. 11/2018/ത.സ്വ.ഭ.വ തീ.29.01.18ലെ ഖണ്ഡിക-3.5.2 പ്രകാരം പതിമൂന്നാം പദ്ധതി കാലാവധിക്കുള്ളിൽ ബഹുവർഷ പ്രോജക്റ്റുകൾ പൂർത്തിയാക്കേണ്ടതാണ്. നിരവധി ചെറുകിട വ്യവസായ സംരംഭകർ പ്രവർത്തിക്കുന്ന പഞ്ചായത്തിൽ പ്രത്യേകമായും വനിതാ സംരംഭകർക്ക് വളരെ പ്രയോജനകരമായ വനിതാ വ്യവസായ കേന്ദ്രനിർമ്മാണം എത്രയും വേഗം പൂർത്തിയാക്കണം.

1-23 മഴക്കാലപൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല.

Vr.No.22000124.Dtd.25.5.2020. തുക-130000/ -

Vr.No. 22000125.Dtd.25.5.2020. തുക-65000/ -

2020-21 വർഷത്തെ മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ശുചിത്വ കമ്മിറ്റി കൺവീനർമാർക്ക് ശുചിത്വ ഫണ്ടിനത്തിൽ-10000/ - രൂപ വീതം 13 വാർഡുകൾക്ക് 130000/ - രൂപയും തനത് ഫണ്ട് ഇനത്തിൽ 5000/ -രൂപ വീതം 65000/ - ഉൾപ്പെടെ മൊത്തം 195000/-രൂപ കൺവീനർമാരുടെ അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുള്ളതാണ്. എന്നാൽ എല്ലാ വാർഡുകളിൽ നിന്നും മുഴുവൻ ചെലവ് രേഖകളും ഹാജരാക്കിയിട്ടില്ല. ഓരോ വാർഡുകളിൽ നിന്നും താഴെ പറയുന്ന തുകയ്ക്കുള്ള ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതാണ്.

വാർഡ് 1	13400
” 2	15000
” 3	5000
” 4	5000
”5	5000
” 6	10000
”7	5000
”8	5000
” 11	13000
”12	5000
”13	13000.

94400 - രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. തുക ചെലവഴിക്കാത്ത പക്ഷം ബന്ധപ്പെട്ട ശീർഷകങ്ങളിൽ തിരിച്ചടവാക്കുകയോ, രേഖകൾ പാജരാക്കുകയോ ചെയ്യേണ്ടതാണ്. തൃപ്തികരമായ മറുപടി ലഭിക്കുന്നതു വരെ ഹാജരാക്കാത്ത ചെലവ് തുക 94400 – രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-24 പൊതുമരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ.

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2020 - 21 വർഷത്തിൽ സുലേഖ പത്രിക പ്രകാരം 67 പ്രോജക്ടുകൾക്ക് അംഗികാരം ലഭിച്ചിട്ടുണ്ട്. ആയതിൽ 42പ്രൊജക്ടുകളുടെ ചെലവുകളാണ് തൻവർഷം നടന്നിട്ടുള്ളത്. 2020 -21 വർഷത്തിൽ ആകെ അടങ്കൽ 22266062/- രൂപയും ചെലവ് 14916889/ -രൂപയുമാണ്. 67% തുകയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. അംഗികാരം ലഭിച്ച പ്രോജക്ടുകൾ പൂർണ്ണമായും നടപ്പിലാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 2020 -21 വർഷത്തിൽ പല പ്രോജക്ടുകളും സമയ ബന്ധിതമായി പൂർത്തികരിച്ചിട്ടില്ല. പ്രോജക്ട് പൂർത്തീകരണത്തിൽ മോണിട്ടറിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ കാണുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് രജിസ്റ്ററുകൾ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിലെ കോളങ്ങൾ പൂർണ്ണമായും എഴുതി രേഖപ്പെടുത്തുന്നില്ല. എഗ്രിമെന്റ് രജിസ്റ്റർ ശരിയായ മാതൃകയിലല്ല പരിപാലിക്കുന്നത്. പ്രോജക്ട് രജിസ്റ്ററിൽ അപൂർണ്ണമായ രേഖപ്പെടുത്തലുകളാണ് നടത്തിയിട്ടുള്ളത്. കാഷ് ബുക്ക് TR.7A ഫോർമാറ്റിൽഎഴുതിസൂക്ഷിക്കുന്നില്ല. മുകളിൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് പ്രൊജക്ടുകളുടെ കുറ്റമറ്റരീതിയിലുള്ള പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്.

1-25 മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്ട് നം. S0004/21. ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ

ട്രഷറി ബിൽ നം.1/2020 തി 3.11.20 തുക-1,00,000/-രൂപ

ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്ടിൽ മരുന്നുകൾ വാങ്ങുന്നതിന് ഹോംകോ എന്ന സ്ഥാപനത്തിന് പണം നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.17/29.7.21. പ്രകാരം വിശദാംശങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് മറുപടിയിൽ മരുന്നുകൾ നാളിതുവരെയായി ലഭിച്ചിട്ടില്ലായെന്നറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ മരുന്നുകൾ ലഭ്യമാകുമ്പോൾ സ്റ്റോക്കിലെടുത്ത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	മുന്നിരിപ്പ്	ലഭിച്ച തുക	പ്രൊജക്റ്റിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2020-21	0	67600	ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് 88/21	67600	0
ബ്ലോക്ക് പഞ്ചായത്ത്	2020-21	0	200000	ലൈഫ് മിഷൻ 30/21 (G)	200000	0
ബ്ലോക്ക് പഞ്ചായത്ത്	2020-21	0	1500000	ലൈഫ് മിഷൻ (SC)49/21	1500000	0
ബ്ലോക്ക് പഞ്ചായത്ത്	2020-21	0	200000	ലൈഫ് മിഷൻ (SC)193/21	200000	0
ബ്ലോക്ക് പഞ്ചായത്ത്	2020-21	0	400000	ലൈഫ് മിഷൻ (G)103/21	400000	0
ബ്ലോക്ക് പഞ്ചായത്ത്	2020-21	0	200000	പാലിന് സബ്സിഡി 29/21	200000	0
ബ്ലോക്ക് പഞ്ചായത്ത്	2020-21	0	40000	തരിശ് പച്ചക്കറി കൃഷി202/21	40000	0
ആകെ						
ജില്ലാ പഞ്ചായത്ത് തൃശ്ശൂർ	2020-21	0	40000	തരിശ് പച്ചക്കറി കൃഷി202/21	40000	0
ജില്ലാ പഞ്ചായത്ത് തൃശ്ശൂർ	2020-21	0	140109	അംഗനവാടി പോഷകാഹാരം17/21	140109	0
ജില്ലാ പഞ്ചായത്ത് തൃശ്ശൂർ	2020-21	0	150000	അംഗനവാടി പോഷകാഹാരം131/21	150000	0
ജില്ലാ പഞ്ചായത്ത്	2020-21	0	150000	പാലിന് സബ്സിഡി 159/21	150000	0
ആകെ						

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെയും, തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
ഭൂജല വകുപ്പ്	വിവിധ കുടിവെള്ളപദ്ധതികളുടെ അറ്റകുറ്റപ്പണികൾ	22001220	19056	19056	
ഭൂജല വകുപ്പ്	മോസ്കോനഗർ കുടിവെള്ള പദ്ധതി	22001206	600000	600000	0

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

വായ്പ/ വായ്പ തിരിച്ചടവ്

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക	തൻവർഷം തിരിച്ചടച്ച തുക	വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
ലൈഫ് മിഷൻ പദ്ധതി	ലഭ്യമാക്കിയിട്ടില്ല	824750	648279	175529	472750

4-5 സ്ഥിരനിക്ഷേപങ്ങൾ

1	വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	5000
2	തൻവർഷം നിക്ഷേപിച്ച തുക	ഇല്ല
3	ആകെ	5000
4	തന്നാണ്ടിൽ പിൻവലിച്ച തുക	ഇല്ല
5	വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	5000

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹300/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക ₹	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ തീയതി
2018-19	2-1	150	മഞ്ജു വർക്കി എൻ ആർ എച്ച് എം, തോളൂർ	120010100594/24.7.20
2018-19	2-2	150	ശ്രുതി ശങ്കർ എൻ. ആർ. എച്ച്.എം, തോളൂർ	120010100594/24.7.20

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	59098105

ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	54808458
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	94400

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-23	94400	ഡോ.കിഷോർ കുമാർ.എം.കെ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, തോളൂർ

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല

4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1966-67	എൽ.എഫ്.ഇ(1)/5717/ 73/ 30.3.74
1972-73	എൽ.എഫ്.ഇ(2)/1890/ 75/ 25.12.75
1973-74	എൽ.എഫ്.ഇ(1)/457/ 76/ 24.2.76
1974-75	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1979-80	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1981-82	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1982-83	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1983-84	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1984-85	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1985-86	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1986-87, 87-88	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1988-89, 89-90	എൽ.എഫ്.ഇ(2)/1624 /97(15) / 05.11.97
1990-91	എൽ.എഫ്.ഇ(2)/1624 /97(16) / 05.11.97
1991-92	എൽ.എഫ്.ഇ(2)/590/ 95/ 24.6.96
1992-93, 93-94	എൽ.എഫ്.ഇ(2)/1905/ 97/19.1.98
1994-95, 95-96, 96-97	എൽ.എഫ്.ടി.എസ്. 2-1039/ 11, 18.10.11
1997-98	എൽ.എഫ്.ടി. 18-587/ 02(2)/ 5.7.02
1998-99(വരവ്)	എൽ.എഫ്.ടി. 12-197/ 04/ 20.8.04
1998-99(ചെലവ്)	എൽ.എഫ്.ടി. 12-197/ 04/ 20.8.04
1999-2000	എൽ.എഫ്.ടി. 12-1012/ 2003/ 6.2.04
2000-01, 01-02 (പ്ലാൻ)	എൽ.എഫ്.ടി. 12-1419/ 2003/ 3.3.07
2001-02	എൽ.എഫ്.ടി. 12-437/ 08/ 18.7.09/ 29.9.09
2002-03	എൽ.എഫ്.ടി. 12-436/ 08/ 18.7.09/ 29.9.09
2003-04	എൽ.എഫ്.ടി. 12-2663/ 08/ 8.3.10/ 13.5.10
2004-05	എൽ.എഫ്.ടി. 12-2664/08/ 8.3.10/ 13.5.10
2005-06	എൽ.എഫ്.ടി. 12-590/ 10/ 6.9.10
2006-07	എൽ.എഫ്.ടി. 12-591/ 10/ 6.9.10
2007-08	എൽ.എഫ്.ടി.പി 3 – 963/ 12/ 29.9.12
2008-09	എൽ.എഫ്.ടി.പി 3 –964/ 12/ 29.9.12/4.12.12
2009-10	എൽ.എഫ്.ടി.പി 3 –965/ 12/ 29.9.12/8.2.13
2010-11	എൽ.എഫ്.ടി.പി 3 – 966/ 12/ 29.9.12/8.2.13
2011-12	എൽ.എഫ്.ടി.പി 3 –1108/ 13/ 3.12.13/ 8.1.14
2012-13	എൽ.എഫ്.ടി.പി 3 –337/ 14/ 28.10.14/ 10.12.14
2013-14	കെ.എസ്.എ.ടി.എസ്.ആർ.(പി 3)-289/15 തീ. 16.07.15/13.10.15
2014-15	കെ.എസ്.എ.ടി.എസ്.ആർ.(പി 3)-1047/16 തീ. 2.7.16/21.7.16
2015-16	കെ.എസ്.എ.ടി.എസ്.ആർ.(പി 3)- 07/17 തീ. 30.01.17
2016-17	കെ.എസ്.എ.ടി.എസ്.ആർ.(പി 3)- 1312/17 തീ. 04.12.17/15.12.17
2017-18	കെ.എസ്.എ.ടി.എസ്.ആർ.(പി.3)-23/2019 തീ.06.02.19/17.02.19
2018-19	കെ.എസ്.എ.ടി.എസ്.ആർ.(പി.3)-1755/19/16/12/19
2019-20	കെ.എസ്.എ.ടി.എസ്.ആർ.(പി.14)- 1121/21

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്